**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 140** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണനിരക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ ഐ ബി സതീഷ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് കുറച്ചുകാണിക്കുന്നു എന്ന ആരോപണങ്ങൾ ഉന്നയിയ്ക്കുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ 21.07.2021 വരെ 15617 കോവിഡ് മരണങ്ങളാണ് സ്ഥിരീകരിച്ചിട്ടുള്ളത്. കോവിഡിന്റെ ആരംഭത്തിൽ മരണങ്ങളുടെ വിവരങ്ങൾ ആശുപത്രിയിൽ നിന്നും ജില്ലയിലേയ്ക്കും ജില്ലാതലത്തിലെ പരിശോധനയ്ക്കു ശേഷം സംസ്ഥാനതലത്തിലേയ്ക്കും മാന്വൽ ആയി അയച്ചാണ് റിപ്പോർട്ടിംഗ് നടത്തിയിരുന്നത്. എന്നാൽ 2021 ജൂൺ 16 മുതൽ സംസ്ഥാനത്ത് വികേന്ദ്രീകൃത ഓൺലൈൻ സംവിധാനം വഴി മരണം യഥാസമയം തന്നെ റിപ്പോർട്ടിംഗ് ചെയ്തുവരുന്നു മാന്വൽ ആയി ചെയ്തിരുന്നപ്പോൾ ഉണ്ടായിരുന്ന കാലതാമസം ഇതിലൂടെ നമുക്ക് കുറയ്ക്കാൻ സാധിച്ചു. ഇതല്ലാതെ സംസ്ഥാനത്ത് കോവിഡ് മരണനിരക്ക് കുറച്ചു കാണിക്കുന്നതിന് ശ്രമം നടത്തിയിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ ആരോഗ്യവകുപ്പും ആരോഗ്യ പ്രവർത്തകരും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും ആരോഗ്യ ഗവേഷണ കൗൺസിലിന്റെയും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ; | (ബി) | കോവിഡ് പരിശോധന, കോവിഡ് ചികിത്സാ മാനദണ്ഡങ്ങൾ, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന്റെയും ICMR-ന്റെയും നിർദ്ദേശങ്ങളാണ് കേരളം പിന്തുടർന്നു പോരുന്നത്. കോവിഡ് നിയന്ത്രണങ്ങളിലും ചികിത്സാരീതികളിലും കേരളത്തിലെ ബന്ധപ്പെട്ട മാനദണ്ഡങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ ആരോഗ്യവകുപ്പ് വരുത്തിയിട്ടുണ്ട്. മാറ്റങ്ങൾക്കനുസരിച്ചുള്ള ബോധവത്കരണം ആരോഗ്യപ്രവർത്തകർക്കിടയിലും പൊതുജനങ്ങൾക്കിടയിലും കൊണ്ടുവരുന്നതിനായി തുടർ പരിശീലനങ്ങളും വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിനായി കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ് എന്ന യൂട്യൂബ് ചാനലും ഉപയോഗപ്പെടുത്തി വരുന്നു. ഇതു കൂടാതെ |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും മറ്റും പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ജില്ലകളേയും സംസ്ഥാനതലത്തിലെ ഓഫീസർമാർ സൂപ്പർവിഷൻ ചെയ്തു വരുന്നു. സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ട വ്യത്യസ്തമായ കമ്മിറ്റികൾ അവരവരുടെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ദൈനംദിന ഓൺലൈൻ മീറ്റിംഗ് വഴി നടത്തി വരുന്നു. |
| (സി) | കോവിഡ് പോസിറ്റീവായി മൂന്ന് മാസത്തിനകം മരണപ്പെട്ടിട്ടുള്ളവരുടെ മരണ സർട്ടിഫിക്കറ്റിൽ മരണകാരണം കോവിഡാണെന്ന് രേഖപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് സുപ്രീം കോടതി കേന്ദ്രസർക്കാരിനോട് നിർദ്ദേശിച്ചിട്ടുള്ളതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) | വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച തുടർ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽ നിന്നും, ICMR ൽ നിന്നും ലഭ്യമായിട്ടില്ല. നിലവിൽ ലോകാരോഗ്യ സംഘടനയുടേയും, ICMR ന്റേയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കേരളത്തിൽ കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്. |
| (ഡി) | സുപ്രീം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനത്തിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച തുടർ നിർദ്ദേശങ്ങളൊന്നും തന്നെ കേന്ദ്ര ആരോഗ്യമന്ത്രാലയത്തിൽ നിന്നും, ICMR ൽ നിന്നും ലഭ്യമായിട്ടില്ല. നിലവിൽ ലോകാരോഗ്യ സംഘടനയുടേയും, ICMR ന്റേയും മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് കേരളത്തിൽ കോവിഡ് മരണങ്ങൾ സ്ഥിരീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ